**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4242** **06-03-2023 - ൽ മറുപടിയ്ക്ക്**

**2023-24 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം.**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എച്ച്. സലാം</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേന്ദ്ര ധനകാര്യ കമ്മീഷൻ 2023-24 സാമ്പത്തിക വർഷം കേരളത്തിന് നൽകാൻ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ്; ഉദ്ദേശം വരുന്ന തുക എത്രയാണ്; മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇതിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവായ 2021-26 വർഷങ്ങളിൽ സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട നികുതിയിൽ നിന്നുമുള്ള കേരളത്തിന്റെ വിഹിതം 1.925 ശതമാനമാണ്. 2023-24 സാമ്പത്തിക വർഷം ഈയിനത്തിൽ 21425.25 കോടി രൂപ പ്രതീക്ഷിക്കുന്നു. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്നു കേരളത്തിന് ലഭിച്ചു കൊണ്ടിരുന്നത്. ഇതാണ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞത്. ഇതിലൂടെ പതിനായിര കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവ് ആണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്.</td></tr>
<tr><td>(ബി)</td><td>15-ാം ധനകാര്യ കമ്മീഷൻ നിലവിൽ വന്നത് മുതൽ ഓരോ സാമ്പത്തിക വർഷവും കേരളത്തിന് അനുവദിച്ച നികുതി വിഹിതം എത്ര ശതമാനം/എത്ര തുക എന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;</td><td>(ബി)</td><td><table><tr><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക (In Crore)</th></tr><tr><td>2020-21</td><td>11,560.40</td></tr><tr><td>2021-22</td><td>17,820.09</td></tr><tr><td>2022-23</td><td>15,555.75 *</td></tr></table>* 2023 ഫെബ്രുവരി മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭകണക്കുകൾ പ്രകാരം</td></tr>
<tr><td>(സി)</td><td>സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം നിർണ്ണയിച്ച് നൽകുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ മാനദണ്ഡമാക്കുന്നത് ഏതൊക്കെ ഘടകങ്ങളാണെന്ന് അറിയിക്കുമോ ;</td><td>(സി)</td><td>പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലേക്കുള്ള നികുതി വിഹിതം നിശ്ചയിച്ചിരിക്കുന്നത് Population (15%), Area (15%), Forest and Ecology (10%), Income Distance (45%), Tax and Fiscal Efforts (2.5%), Demographic Performance (12.5%) എന്നീ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്.</td></tr>
<tr><td>(ഡി)</td><td>കേരളത്തേക്കാൾ ജനസംഖ്യ കുറവുള്ള സംസ്ഥാനങ്ങൾക്ക് കേരളത്തെക്കാൾ കൂടുതൽ ശതമാനം നികുതി വിഹിതം അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;</td><td>(ഡി)</td><td>ഉണ്ട്. കേരളത്തേക്കാൾ ജനസംഖ്യ കുറവുള്ള ജാർഖണ്ഡ്, ഛത്തിസ്ഗഡ്, ആസാം എന്നീ സംസ്ഥാനങ്ങൾക്ക് കേരളത്തെക്കാൾ കൂടുതൽ ശതമാനം നികുതി വിഹിതം അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>പത്താം ധനകാര്യ കമ്മീഷൻ</td><td>(ഇ)</td><td>വിവിധ കമ്മിഷൻ കാലയളവിൽ കേരളത്തിന് അനുവദിച്ച നികുതി</td></tr>
</table>

മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ കേരളത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം വർഷം തിരിച്ച് ശതമാന കണക്കിൽ ലഭ്യമാക്കാമോ; 13 ഉം 14ഉം 15ഉം ധനകാര്യകമ്മീഷനുകൾ നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെ എന്ന് ഇനം തിരിച്ച് വിശദാംശം സഹിതം വ്യക്തമാക്കാമോ;

വിഹിതത്തിന്റെ ശതമാനം

| ധനകാര്യ കമ്മിഷൻ | | ശതമാനം |
|---|---|---|
| X (1995-2000) | | 3.88 |
| XI (2000--05) | | 3.06 |
| XII (2005-10) | | 2.67 |
| XIII (2010-15) | | 2.34 |
| XIV (2015-20) | | 2.50 |
| XV | (2020-21) | 1.943 |
| | (2021-26) | 1.93 |

വിവിധ ധനകാര്യ കമ്മിഷനുകൾ നികുതി വിഹിതം നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

| **XIII** | **XIV** | **XV** |
|---|---|---|
| Population 1971 (25%) | Population 1971 (17.5%) | Population 2011 (15%) |
| Area (10%) | Population 2011 (10%) | Area (15%) |
| Fiscal Capacity Distance (47.5%) | Area (15%) | Forest and Ecology (10%) |
| Fiscal Discipline (17.5%) | Forest (7.5%) | Income Distance (45%) |
| | Income Distance (50%) | Tax and Fiscal Efforts (2.5%) |
| | | Demographic Performance (12.5%) |

(എഫ്) ജനസംഖ്യ നിയന്ത്രണത്തിലും പ്രതിശീർഷ വരുമാനത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച നിലയിൽ ആയത് മൂലം കേന്ദ്ര നികുതി വിഹിതം ലഭിക്കുന്നതിലുണ്ടായ കുറവ് ധനകാര്യകമ്മീഷനെ അറിയിക്കുന്നതിനും അർഹമായ വിഹിതം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ്

(എഫ്) പതിനഞ്ചാം ധനകാര്യ കമ്മിഷൻ ടേംസ് ഓഫ് റഫറൻസിൽ വിവിധ കൈമാറ്റങ്ങൾക്ക് 2011-ലെ ജനസംഖ്യാ കണക്ക് മാനദണ്ഡമാക്കുമെന്ന് ഉൾപ്പെടുത്തിയിരുന്നു. കൃത്യമായ ആരോഗ്യ സാമൂഹ്യ ഇടപെടലുകൾ നടത്തി ജനസംഖ്യാ നിരക്ക് നിയന്ത്രിച്ച് നിർത്തിയ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇത് ദോഷകരമായി ബാധിക്കുമെന്നതിനാൽ കേരള സർക്കാരിന്റെ വിയോജിപ്പ് അറിയിച്ചുകൊണ്ട് ബഹു. രാഷ്ട്രപതിക്ക് നിവേദനം നൽകുകയും കമ്മിഷൻ മുമ്പാകെ പ്രസ്തുത ആശങ്ക യഥാസമയം അറിയിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇതു പരിഗണിക്കാതെ 2011-ലെ ജനസംഖ്യാ കണക്ക് ആണ് പതിനഞ്ചാം ധനകാര്യ കമ്മിഷൻ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ